LIBRARY ARCHIVES Kerala Legislative Assembly

അജ്ഞാത വാഹനമിടിച്ചുള്ള അപകടങ്ങൾ

198 (199) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജ്ഞാത വാഹനമിടിച്ചുള്ള അപകടങ്ങളിൽപ്പെടുന്നവർക്കും, ആശ്രിതർക്കും സഹായം ലഭിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) 2013, 2014 വർഷങ്ങളിൽ ഓരോ വർഷവും ഇത്തരത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(സി) ഇത്തരം അപകടങ്ങളിൽപ്പെടുന്നവർക്കും ആശ്രിതർക്കും സഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വ്യക്തികൾ അപകടമരണത്തിന് ഇരയായാൽ അവരുടെ കുടുംബാംഗങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നു. ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു.

(ബി) 2013-ൽ 201 കേസ്സുകളും, 2014 നവംബർ 23 വരെ 205 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കൊച്ചി ബ്ലാക്ക്മെയിൽ പെൺവാണിഭ കേസ്

199 (200) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട് സ്വദേശിയായ രവീന്ദ്രന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട്, കൊച്ചി ബ്ലാക്ക്മെയിൽ പെൺവാണിഭ കേസിലെ പ്രതികൾക്കെതിരെ കേസെടുത്തിട്ടുണ്ടോ ;

(ബി) കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്, ഇതിനകം ഏതെല്ലാം പ്രതികളെ അറസ്റ്റ് ചെയ്യുകയുണ്ടായി ; അറസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നവർ എത്ര ?

ഉത്തരം

(എ & ബി) ഇത് സംബന്ധിച്ച് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1061/2014-ൽ 5 പ്രതികളുള്ളതിൽ എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള കേസുകൾ

200 (201) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പോലീസ് ഉദ്യോഗസ്ഥന്മാർ കോഴ വാങ്ങിയതോ കോഴ ആവശ്യപ്പെട്ടതോ ആയിട്ടുള്ള എത്ര ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട് ;

(ബി) എത്ര പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നിലവിൽ വിജിലൻസോ, മറ്റ് ഏജൻസികളോ അന്വേഷണം നടത്തിവരുന്നുണ്ട്, അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ, ആരൊക്കെയാണ്, അതിൽ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ എത്ര ; അവർ ആരൊക്കെയാണ് ;

(സി) എത്ര കേസുകളിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ സർവീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട് ; സസ്പെന്റ് ചെയ്യപ്പെട്ട എത്ര പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാർ കോഴ വാങ്ങിയതോ കോഴ ആവശ്യപ്പെട്ടതോ ആയ നിരവധി ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് ചൂണ്ടിപറയുന്ന 26 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവരുന്നു:

1. ശ്രീ. വർഗ്ഗീസ് കുരുവിള, സീനിയർ സിവിൽ പോലീസ് ഓഫീസർ.
2. ശ്രീ. അനൂപ് സി. നായർ, പോലീസ് സബ് ഇൻസ്പെക്ടർ.
3. ശ്രീ. ഷിബുകുമാർ വി., പോലീസ് സർക്കിൾ ഇൻസ്പെക്ടർ.
4. ശ്രീ. വേണുഗോപാൽ, കെ. ആർ., പോലീസ് സബ് ഇൻസ്പെക്ടർ.

LIBRARY ARCHIVES Kerala Legislative Assembly